(2) നക്ഷത്ര ചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

1 (3130) ആദിവാസി കോളനികൾ

ശ്രീ. കെ.പി. വിശ്വനാഥൻ :
ഡോ: എം.എ. കുട്ടപ്പൻ :
ശ്രീ. കെ.എ. ചന്ദ്രൻ :
ശ്രീ. ഇ.എം. അഗസ്തി :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര ആദിവാസി കോളനികളും സെറ്റിൽമെന്റുകളുമുണ്ട്;

(ബി) ഇവയിൽ എത്രയെണ്ണത്തിൽ വൈദ്യുതിയും ശുദ്ധജലവും നൽകുന്നതിനുള്ള സൗകര്യമുണ്ട്;

(സി) ബാക്കി സ്ഥലങ്ങളിൽ ഇവയെത്തിക്കുവാൻ എന്തെല്ലാം നടപടികളെടുത്തിട്ടുണ്ട്;

(ഡി) ഇതിനു വേണ്ടി ഘട്ടം ഘട്ടമായുള്ള പരിപാടിക്ക് രൂപം നൽകുമോ?

ഉത്തരം

(എ) 3945 പട്ടിക വർഗ്ഗ കോളനികളും സെറ്റിൽമെന്റുകളുമുണ്ട്.

(ബി) 1155 കോളനികളിൽ വൈദ്യുതിയും, 3023 കോളനികളിൽ ശുദ്ധ ജലവും നൽകുന്നതിനുള്ള സൗകര്യമുണ്ട്.

(സി) വൈദ്യുതി ബോർഡിന്റെ പട്ടികവർഗ്ഗ ഉപപദ്ധതിയിൽപ്പെടുത്തി വൈദ്യുതി ലഭ്യമല്ലാത്ത കോളനികളിൽ വൈദ്യുതി എത്തിക്കുന്നതിനും 'കിണറുകളും ശുദ്ധജല വിതരണവും' എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി കേന്ദ്രസഹായത്തോടുകൂടി കുടിവെള്ളം ലഭ്യമാക്കുന്നതിന് കിണർ കുഴിച്ച് നൽകുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. പഞ്ചായത്തുകളുടെ ട്രൈബൽ സബ് പ്ലാൻ ഫണ്ട് ഉപയോഗിച്ചും ത്രിതല പഞ്ചായത്ത് മുഖേനയും ശുദ്ധജല വിതരണത്തിനുള്ള പദ്ധതികളും നടപ്പാക്കിവരുന്നു.

(ഡി) നടപടി സ്വീകരിച്ചിട്ടുണ്ട്.

2 (3131) ആദിവാസി മേഖലയിലെ വികസന പ്രവർത്തനങ്ങൾ

ശ്രീ. ജോർജ് ജെ. മാത്യു :
ശ്രീമതി രാധാ രാഘവൻ :
ശ്രീ. എ.കെ. മണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് അധികാരത്തിൽവന്നശേഷം ആദിവാസിമേഖലകളിൽ എന്തെല്ലാം വികസനപ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്;

(ബി) ഈ വികസനപ്രവർത്തനങ്ങളിൽ കരാറുകാരും ഉദ്യോഗസ്ഥന്മാരും ചേർന്ന് അഴിമതിയും തട്ടിപ്പും നടത്തിയെന്ന ആരോപണം ഉണ്ടായിട്ടുണ്ടോ;

(സി) എങ്കിൽ ഇതെപ്പറ്റി അന്വേഷിക്കുവാൻ നടപടിയെടുക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) വയനാട്, അട്ടപ്പാടി, മൂന്നാർ, പത്തനംതിട്ട, തൃശ്ശൂർ, കണ്ണൂർ, കാസർഗോഡ് എന്നിവിടങ്ങളിൽ ഓരോ മാതൃകാ റസിഡൻഷ്യൽ സ്കൂളുകൾ ആരംഭിച്ചു. അട്ടപ്പാടിയിൽ പട്ടികവർഗ്ഗക്കാർക്കായി ഒരു ആരോഗ്യ പദ്ധതി ആരംഭിച്ചു. പുറമ്പോക്കിൽ താമസിക്കുന്ന പട്ടികവർഗ്ഗ കുടുംബങ്ങളുടെ പുന രധിവാസപദ്ധതി, ഒറ്റപ്പെട്ട പ്രദേശങ്ങളിൽ താമസിക്കുന്ന പട്ടികവർഗ്ഗ കുടും ബങ്ങളെ പുനരധിവസിപ്പിക്കുന്ന പദ്ധതി, ഐ.ടി.ഐ. പാസായ പട്ടിക വർഗ്ഗയുവതീ-യുവാക്കൾക്ക് അഡീഷണലായി അപ്രന്റീസ്ഷിപ്പ് നൽകുന്ന പദ്ധതി എന്നിവ ആരംഭിച്ചു. സോഷ്യൽ ആക്ടിവിസ്റ്റുകൾ, ഹെൽത്ത് വർക്കർമാർ എന്നിവയുടെ നിയമനം പട്ടികവർഗ്ഗ പുനരധിവാസ പദ്ധതിക ളുടെ നവോത്ഥാനത്തിനുതകുന്ന പ്രത്യേക പരിപാടികൾ എന്നീ വികസന പ്രവർത്തനങ്ങൾ ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പുതിയതായി നടപ്പാക്കിയിട്ടുണ്ട്. അതു കൂടാതെ ഫുഡ് സപ്പോർട്ട് പ്രോഗ്രാം കൂടുതൽ മേഖലകളിലേക്ക് വ്യാപിപ്പിച്ചു. ഭവന നിർമ്മാണ പദ്ധതികൾക്കുള്ള തുക വർദ്ധിപ്പിക്കുകയും ഭവനനിർമ്മാണം ദ്രുതഗതിയിലാക്കുകയും ചെയ്തു. തിരു നെല്ലി പഞ്ചായത്തിൽ സമ്പൂർണ്ണ ഭവന നിർമ്മാണ പദ്ധതി നടപ്പാക്കി വരുന്നു.

(ബി) ഇല്ല.

(സി) ബാധകമല്ല.

3 (3132) "ആദിവാസികളുടെ ആരോഗ്യ ക്ഷേമം"

ശ്രീമതി ആർ. ലതാദേവി :
ശ്രീ. പി.എസ്. സുപാൽ :
ശ്രീ. ജോസ് ബേബി :
ശ്രീ. യു.എസ്. ശശി :
ശ്രീ. സി.എൻ. ജയദേവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോ ക്ക-പട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആദിവാസികളുടെ ആരോഗ്യ പരിപാലനത്തിന്റെ പിന്നോക്ക അവസ്ഥ പരിഹരിക്കുന്നതിന് ഈ ഗവണ്മെന്റ് അധികാരത്തിൽ വന്നതിനു ശേഷം എന്തെല്ലാം പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ആദിവാസികളുടെ ക്ഷേമപദ്ധതികളെക്കുറച്ച് അവരെ ബോധ വൽക്കരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചു വരുന്നുണ്ടെന്ന് വിശ ദമാക്കുമോ?

ഉത്തരം

(എ) ആരോഗ്യ പരിപാലന കാര്യത്തിൽ ആദിവാസികളെ ബോധ വൽക്കരിക്കുന്നതിനും അത്യാവശ്യ ചികിത്സകൾ നൽകുന്നതിനുമായി ഇടുക്കി, വയനാട്, പാലക്കാട് എന്നിവിടങ്ങളിൽ 123 ഹെൽത്ത് വർക്കർമാരെ നിയമിച്ചിട്ടുണ്ട്. പാലക്കാട്, വയനാട് ജില്ലകളിൽ നിയമിക്കപ്പെട്ട 300 സോഷ്യൽ ആക്ടിവിസ്റ്റുകളും ഇക്കാര്യത്തിൽ ആദിവാസികളെ സഹായിക്കു ന്നുണ്ട്. അട്ടപ്പാടി ആരോഗ്യ പദ്ധതിയോടനുബന്ധിച്ച് ഒരു ഒ.പി. ക്ലിനിക് പ്രവർത്തനം ആരംഭിച്ചു. ജി.എ.ഡി. കളുടേയും എം.എം. യൂണിറ്റുകളുടെയും എ.എൻ.എം. സെന്ററുകളുടേയും പ്രവർത്തനം കാര്യക്ഷമമാക്കുകയുണ്ടായി.

LIBRARY ARCHIVES Kerala Legislative Assembly